DWCD/2705/2022-E7

I/56032/2022

വനിത ശിശുവികസനഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :18-08-2022
Email -wcdestablishment2017@gmail.com
Phone : 0471 – 2346508

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ്-ജീവനക്കാര്യം-ക്ഷേമസ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനം-മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:

വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൻമേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1.വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2.കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ലഭ്യമാകുന്ന Non-Availability Certificate ന്റെ അടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കോ പി.എസ്.സി ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥി സർവീസിൽ പ്രവേശിക്കുന്നതുവരെയോ മാത്രം താത്കാലിക നിയമനം നടത്താവുന്നതാണ്

3.പ്രത്യേക പരിചരണവും സംരക്ഷണവും ആവശ്യമായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ Non-Availability Certificate ലഭ്യമായിട്ടും താത്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

4.കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് Non-Availability Certificate ലഭ്യമാകുന്ന മുറയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെൻറിൽ എക്സ്ചെഞ്ച് നിന്ന് ആവശ്യപ്പെടേണ്ടതും എംപ്ലോയ്മെൻറിൽ എക്സ്ചെഞ്ച് നിന്ന് ലഭ്യമാകുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ ജില്ലാ വനിത ശിശുവികസന ഓഫീസറുടെ നേതൃത്വത്തിൽ ഇൻറർവ്യൂ നടത്തേണ്ടതും സെലക്ട് ചെയ്യുന്ന ഉദ്യോഗാർത്ഥിയ്ക്ക് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

I/56032/2022

5,താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ചതിനുശേഷം ജോയിനിംഗ് റിപ്പോർട്ട്, നിയമന ഉത്തരവ്, എംപ്ലോയ്മെന്റിൽ എക്സ്ചെഞ്ച് നിന്നുള്ള ലിസ്റ്റ്, (ലിസ്റ്റിൽ ഉദ്യോഗാർത്ഥിയുടെ പേരിന് നേരെ ജില്ലാ വനിത ശിശുവികസന ഓഫീസർ സെലക്ടഡ് എന്ന് സാക്ഷ്യപ്പെടുത്തണം),ഇൻറർവ്യൂ മാർക്ക് ഷീറ്റ്,ജില്ലാ വനിത ശിശുവികസന ഓഫീസറുടെ ശുപാർശ എന്നീ ബന്ധപ്പെട്ട രേഖകൾ(ഒറിജിനൽ) സഹിതം **സാധൂകരണത്തിനായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്**

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്-

1,എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും

2,എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

3,സ്റ്റോക്ക് ഫയൽ സ്പെയർ

**Signed by Priyanka G**
**Date: 18-08-2022 18:53:29**